**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 18** **22-06-2026-ൽ മറുപടിയ്ക്ക്**

**നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കാരായി രാജൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലും നികുതി ഇതര വരുമാനത്തിലും മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുള്ള വളർച്ച ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് (2021-2022 സാമ്പത്തിക വർഷം മുതൽ 2025-2026 സാമ്പത്തിക വർഷം വരെ) പിരിച്ചെടുത്ത സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനവും അതിന്റെ വാർഷിക വളർച്ചയും ചുവടെ പറയുന്നു.

(തുക കോടി രൂപയിൽ)

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | മുൻ സാമ്പത്തിക വർഷവുമായുള്ള തനത് നികുതി വരുമാനത്തിന്റെ വർദ്ധനവ് (ശതമാനത്തിൽ) | സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം | മുൻ സാമ്പത്തിക വർഷവുമാ നികുതിയേതര വരുമാനത്തി (ശതമാനത്തിൽ) |
|---|---|---|---|---|
| 2020-2021 | 47660.84 | | 7327.31 | |
| 2021-2022 | 58340.52 | 22.41 | 10462.51 | 42.79 |
| 2022-2023 | 71968.16 | 23.36 | 15117.96 | 44.5 |
| 2023-2024 | 74329.01 | 3.28 | 16345.96 | 8.12 |
| 2024-2025 | 76642.19 | 3.11 | 16486.62 | 0.86 |
| 2025-2026 * | 81263.68 | 6.03 | 18225.13# | 10.54 |

* 2025-2026 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം

# കേരള വാട്ടർ അതോറിറ്റി ഒടുക്കിയ 5000 കോടി രൂപ (NIDA ലോൺ ) ഇതിൽ ഒഴിവാക്കിയിട്ടുണ്ട്.

**(ബി)** നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും പെൻഷനുമായി നൽകേണ്ടി വരുന്നതെന്ന് വിശദീകരിക്കാമോ;

**മറുപടി:** അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2025-2026 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആകെ ശമ്പളത്തിനും പെൻഷനുമായി സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ 89.79 ശതമാനമാണ് ചെലവ് വരുന്നത്.

**(സി)** നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലൂടെ അധിക വിഭവ സമാഹരണം ലക്ഷ്യമിടുന്ന പ്രധാന ഇനങ്ങൾ ചുവടെ വിശദീകരിക്കുന്നു.

**സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്:-**

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി AI, ഡാറ്റ അനലിറ്റിക്സ്, ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി നിരീക്ഷണവും റിട്ടേൺ പരിശോധനയും കാര്യക്ഷമമാക്കും. ജി.എസ്.ടി.യ്ക്ക് മുമ്പുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും. സർവീസ് മേഖലയെ കേന്ദ്രീകരിച്ച് സെക്ടർ അധിഷ്ഠിത ഓഡിറ്റ് നടപ്പിലാക്കുകയും അപ്പീലുകൾ വേഗത്തിൽ തീർപ്പാക്കുകയും ചെയ്യും. മറ്റ് ധനകാര്യ-നിയന്ത്രണ ഏജൻസികളുമായുള്ള ഡാറ്റാ ഷെയറിംഗ് വർധിപ്പിച്ച് നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കും. 2019 ഓഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെ ഈടാക്കിയ 1% ഫ്ലഡ് സെസുമായി ബന്ധപ്പെട്ട കുടിശ്ശികകൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ പുതിയ ആംനസ്റ്റി പദ്ധതിയിലൂടെ കുടിശ്ശിക പിരിച്ചെടുക്കും.

**മോട്ടോർ വാഹന വകുപ്പ്**

നികുതിവെട്ടിപ്പും വരുമാനചോർച്ചയും തടയാൻ പ്രത്യേക Tax Intelligence and Investigation Wing രൂപീകരിക്കും. കേരളത്തിൽ കൂടുതൽ All India Tourist Permit (AITP) ബസുകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്തർസംസ്ഥാന യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി അവയുടെ ത്രൈമാസ നികുതി കുറയ്ക്കും. 50 ശതമാനം പിഴ മാത്രം അടച്ച് ഇ-ചെല്ലാനുകൾ തീർപ്പാക്കുന്നതിനായി ഇ-ചെല്ലാൻ ആംനെസ്റ്റി പദ്ധതി നടപ്പിലാക്കുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പ്**

ഭൂമിയുടെ ന്യായവില പുനഃനിർണ്ണയം, കുടിശ്ശിക മുദ്രവില കേസുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ചെറുകിട ബാധ്യതകളുടെ എഴുതിത്തള്ളൽ, കൂടാതെ ഇ-സ്റ്റാമ്പിംഗ് വ്യാപനം എന്നിവയിലൂടെ രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും ഡിജിറ്റലും വരുമാനക്ഷമവുമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഭൂമിയുടെ ന്യായവില പല സ്ഥലങ്ങളിലും യഥാർത്ഥ വിപണി വിലയെ പ്രതിഫലിപ്പിക്കുന്നില്ലെന്ന് കണ്ടെത്തിയതിനാൽ, സാങ്കേതികവിദ്യ, വിപണി വിവരങ്ങൾ, ഫീൽഡ് ഡാറ്റ എന്നിവയുടെ അടിസ്ഥാനത്തിൽ  സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില ശാസ്ത്രീയവും സുതാര്യവുമായ രീതിയിൽ സമഗ്രമായി പുനഃപരിശോധിക്കും. ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന അപ്പീലുകൾ തീർപ്പാക്കാൻ പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യും. 1986–2023 കാലയളവിൽ ഏകദേശം 703 കോടി രൂപയുടെ കുടിശ്ശികയുള്ള 1.46 ലക്ഷം അണ്ടർവാല്യുവേഷൻ കേസുകൾ നിലവിലുണ്ട്. ഇവ തീർപ്പാക്കാനും സർക്കാർ വരുമാനം വർധിപ്പിക്കാനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കും. കേരള സ്റ്റാമ്പ് ആക്ട്, 1959 പ്രകാരം ലഭ്യമായ എല്ലാ അപ്പീൽ പരിഹാര മാർഗങ്ങളും പൂർത്തിയായ ശേഷവും അണ്ടർവാല്യുവേഷൻ കേസിൽ അധികമായി അടയ്ക്കാൻ നിർദേശിച്ച മുദ്രവില സംബന്ധിച്ച എല്ലാ അപ്പീൽ നടപടികളും പൂർത്തിയായ ശേഷം, അന്തിമ ഉത്തരവ് ലഭിച്ച് 60 ദിവസത്തിനകം തുക അടച്ചില്ലെങ്കിൽ, കുടിശ്ശിക തുകയ്ക്ക് പ്രതിമാസം 1% (വർഷത്തിൽ 12%) പലിശ അടയ്ക്കുന്ന ദിവസം വരെ ഈടാക്കും. കേരളത്തിൽ നിന്നുള്ള ഉപഭോക്താക്കൾ എടുക്കുന്ന ഇൻഷുറൻസുകളിൽ നിന്ന് ലഭിക്കേണ്ട മുദ്രവില വരുമാനം സംസ്ഥാനത്തിനു തന്നെ ലഭ്യമാക്കുന്നതിനായി, ഇ-സ്റ്റാമ്പിംഗ് സംവിധാനം സ്വകാര്യ ഇൻഷുറൻസ് കമ്പനികളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ധനകാര്യ മേഖലയിലെ ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് നിലവിൽ ലഭ്യമായ ഇ-സ്റ്റാമ്പിംഗ് സൗകര്യം നോൺ ബാങ്കിങ് ഫിനാൻഷ്യൽ കമ്പനികൾ ഉൾപ്പെടെയുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**